പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1828 — 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അറ്റകുറ്റപ്പണികൾക്കായി വിവിധ ഇടങ്ങളിലിട്ടിരിക്കുന്ന 813 കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിരത്തിലോടിക്കാനാകുന്ന രീതിയിൽ എത്രയെണ്ണത്തിന്റെ പണി തീർന്നിട്ടുണ്ട്; ഇവ എന്നുമുതൽ ഓടിത്തുടങ്ങുമെന്നറിയിക്കുമോ; | (എ) | 29.01.19-ൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ 693 എണ്ണം ആണ് അറ്റകുറ്റപണികൾക്കായി ഡോക്ക് ചെയ്തിരിക്കുന്നത്. ബാക്കി 5707 ബസ്സുകൾ സർവ്വീസിന് യോഗ്യമാണ്. ഡോക്കിലുള്ള 693 ബസ്സുകൾ അറ്റകുറ്റപണികൾ തീർത്ത് സർവ്വീസിന് യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിന് ആവശ്യമുള്ള ടയർ, സ്പെയർ പാർട്ട്സുകൾ ലഭ്യമാകുന്നതിന് സാമ്പത്തിക പരാധീനത ഒഴിവാകുന്ന മുറയ്ക്ക് സർവ്വീസിന് യോഗ്യമാക്കി നൽകുന്നതാണ്. അറ്റകുറ്റപണികൾ തീർന്ന് സർവ്വീസിന് ലഭ്യമാകുന്ന മുറയ്ക്ക് സാദ്ധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ റൂട്ടുകളിൽ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന വിധത്തിൽ സർവ്വീസുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | 813 ബസ്സുകളും നന്നാക്കാതെയിട്ട് ആരുടേയും ശ്രദ്ധയിൽപ്പെടാതെ ആവുമ്പോൾ ലേലം ചെയ്യുന്നതിന് എന്തെങ്കിലും നീക്കമുണ്ടോ; ഉണ്ടെങ്കിൽ അത് പരസ്യപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഇത്തരത്തിൽ ലേലം ചെയ്യുന്നതിന് യാതൊരു നീക്കവും ഇല്ല. |
| (സി) | ചുരുങ്ങിയ ചിലവിൽ നന്നാക്കാവുന്ന ബസ്സുകൾ പോലും ദീർഘകാലം ഓടിക്കാതെയിരുന്നാൽ അവ നശിച്ച് പോകുകയോ, ബസ്സുകൾ അപ്രത്യക്ഷമാകുകയോ ചെയ്യുന്ന സാഹചര്യം ഉള്ളതിനാൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | അങ്ങനെയൊരു സാഹചര്യം നിലവിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**